(സി) പേ വിഷബാധിതർക്കാവശ്യമായ ഐ.ഡി.ആർ.വി./എ.ആർ.വി. മരുന്നുകൾ സർക്കാർ സൗജന്യമായിട്ടാണ് വിതരണം ചെയ്യുന്നത്. ഇപ്പോൾ എല്ലാ സർക്കാർ ആശുപത്രികളിലും ഈ മരുന്ന് ലഭ്യമാണ്. എന്നാൽ കാറ്റഗറി 3 (കഴുത്തിന് മുകളിലും ശരീരത്തിന്റെ പ്രധാന ഭാഗങ്ങളിലും) കടിയേറ്റവർക്ക് നൽകുന്നതുമായ റാബിസ് ഇമ്മ്യൂണോ ഗ്ളോബുലിൻ എന്ന ജീവൻരക്ഷാമരുന്ന് ബി.പി.എൽ-കാർക്ക് സൗജന്യമായും എ.പി.എൽ.-കാർക്ക് പുറമേനിന്ന് വാങ്ങേണ്ടതുമാണ്. എല്ലാവർക്കും സൗജന്യമായി നൽകുന്നത് സംബന്ധിച്ച വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

എൻ.ആർ.എച്ച്.എം.പദ്ധതി

9 (455) ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എൻ.ആർ.എച്ച്.എം. മുഖേന ലഭിച്ച തുക എത്രയെന്ന് വിശദമാക്കുമോ ;

(ബി) ഈ തുക ഏതൊക്കെ പദ്ധതികൾക്ക് എത്ര വീതമാണ് നൽകിയിരിക്കുന്നതെന്ന് വിശദമാക്കുമോ ;

(സി) അടിസ്ഥാനസൗകര്യ വികസനത്തിനായി ഈ തുകയിൽ എത്ര ചെലവഴിച്ചിട്ടുണ്ട് ; ജില്ല തിരിച്ച് വിശദമാക്കുമോ ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എൻ.ആർ.എച്ച്.എം. പദ്ധതി പ്രകാരം 31-12-2010-വരെ കേന്ദ്രസർക്കാരിൽനിന്നും സംസ്ഥാന ആരോഗ്യ കുടുംബക്ഷേമ സൊസൈറ്റിക്ക് 809.62 കോടി രൂപ ലഭിച്ചിട്ടുണ്ട്. ഈ തുക താഴെ വിവരച്ചിട്ടുള്ള പദ്ധതികൾക്കായാണ് നൽകിയിട്ടുള്ളത്.

ആർ.സി.എച്ച്.-II	-	289.71	കോടി രൂപ
അഡീഷണാലിറ്റീസ് (എൻ.ആർ.എച്ച്.എം.)	-	496.71	"
ഇമ്മ്യൂണൈസേഷൻ	-	23.20	"
ആകെ	-	809.62	"

(സി) അടിസ്ഥാന സൗകര്യവികസനത്തിനായി (civil works, equipments, furniture etc.) ഈ തുകയിൽ നിന്നും 164.35 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ജില്ലതിരിച്ചുള്ള വിശദാംശങ്ങൾ താഴെ ചേർക്കുന്നു :

ജില്ല	തുക (ലക്ഷം രൂപയിൽ)
തിരുവനന്തപുരം	1991.91
കൊല്ലം	777.14
പത്തനംതിട്ട	487.63
ആലപ്പുഴ	866.32

LIBRARY ARCHIVES Kerala Legislative Assembly

കോട്ടയം	407.11
ഇടുക്കി	276.79
എറണാകുളം	2655.42
തൃശ്ശൂർ	450.12
പാലക്കാട്	781.54
മലപ്പുറം	427.86
കോഴിക്കോട്	4941.10
വയനാട്	697.82
കണ്ണൂർ	1186.26
കാസർഗോഡ്	487.79
ആകെ	16434.81

എൻ.ആർ.എച്ച്.എം. ഇനത്തിൽ കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ച തുക

10 (456) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2006 ജൂൺ മുതൽ 2010 ഡിസംബർ 31 വരെ എൻ.ആർ.എച്ച്.എം. ഇനത്തിൽ കേന്ദ്രസർക്കാരിൽ നിന്നും എന്തുതുക ലഭിച്ചു എന്ന് വ്യക്തമാക്കുമോ ;

(ബി) ഈ തുക ഏതെല്ലാം ആവശ്യങ്ങൾക്കായി വിനിയോഗിച്ചു എന്ന് വ്യക്തമാക്കുമോ ;

(സി) ഈ ഇനത്തിൽ എന്തുതുക വിനിയോഗിക്കാൻ ബാക്കിയുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ–സി) 2006 ജൂൺ മുതൽ 2010 ഡിസംബർ 31 വരെ എൻ.ആർ.എച്ച്.എം. ഇനത്തിൽ കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ച തുക, ചെലവഴിക്കപ്പെട്ട ഇനങ്ങൾ, ബാക്കിയുള്ള തുക എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

(തുക കോടി രൂപയിൽ)

ക്രമ നമ്പർ	ഇനം	ലഭിച്ച തുക	ചെലവഴിച്ച തുക	ബാക്കിയുള്ള തുക
1.	ആർ.സി.എച്ച്-II	289.71	1279.74	9.97
2.	അഡീഷണാലിറ്റീസ് (എൻ.ആർ.എച്ച്.എം)	496.71	443.61	53.10
3.	ഇമ്മ്യൂണൈസേഷൻ	23.20	18.89	4.31
	ആകെ	809.62	742.24	67.38

LIBRARY ARCHIVES Kerala Legislative Assembly